LIBRARY ARCHIVES Kerala Legislative Assembly

കേരള സർവ്വകലാശാലയുടെ യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സെന്ററുകളും യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗുകളും

120(3038) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാലയ്ക്ക് കീഴിൽ യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സെന്ററുകളും യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗുകളും തുടങ്ങിയത് ഏത് വർഷമാണ് ; എത്ര എണ്ണം ; വിശദമാക്കുമോ ;

(ബി) അവ ഏതെല്ലാമെന്നും ഓരോന്നും തുടങ്ങിയവർഷം ഏതാണെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ ഏതെല്ലാം കോഴ്സുകളാണ് ഉള്ളത് ; വിശദമാക്കുമോ ;

(ഡി) തുടങ്ങിയതുമുതൽ പ്രസ്തുത സെന്ററുകളിൽ എത്ര അദ്ധ്യാപകരും അനദ്ധ്യാപകരും കോൺട്രാക്ട് അടിസ്ഥാനത്തിലും ദിവസവേതന അടിസ്ഥാനത്തിലും ജോലി നോക്കുന്നുണ്ട് ;

(ഇ) ഓരോ സെന്ററുകളിലെയും അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും എണ്ണം വ്യക്തമാക്കുമോ ;

(എഫ്) ആരംഭം മുതൽ പ്രസ്തുത സെന്ററുകളിൽ സ്ഥിരമായി കോൺട്രാക്ട് വ്യവസ്ഥയിലും ദിവസവേതന അടിസ്ഥാനത്തിലും ജോലി ചെയ്യുന്ന അദ്ധ്യാപകരെത്ര ; അനദ്ധ്യാപകരെത്ര ;

(ജി) 2010,11,12,13 വർഷങ്ങളിൽ പ്രസ്തുത സെന്ററുകളിൽ നിന്നും വിദ്യാർത്ഥികളുടെ ഫീസിനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ട് ; ഓരോ സെന്ററുകളുടെയും വരുമാനം വ്യക്തമാക്കുമോ ; പ്രസ്തുത സെന്ററുകൾ നടത്തുന്നതിനാവശ്യമായ വരുമാനം എല്ലാ സെന്ററുകളിൽനിന്നും ലഭിക്കുന്നുണ്ടോ ; അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സ്തുതിയിൽ ഓഫ് പേ നടപ്പിലാക്കുന്നത് സംബന്ധിച്ച നിവേദനം ലഭിച്ചിട്ടുണ്ടോ ; അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണം അവസാനമായി നടപ്പിലാക്കിയതെന്നാണ് ; സ്തുതിയിൽ ഓഫ് പേ സംബന്ധിച്ച് യൂണിവേഴ്സിറ്റി അധികൃതരുടെ ഒരു യോഗം വിളിച്ചുകൂട്ടുമോ ?

ഉത്തരം

(എ-എഫ്) യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സെന്ററുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം 2000 ത്തിലാണ് തുടങ്ങിയത്. ബി.ടെക്. ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, ബി.ടെക് കമ്പ്യൂട്ടർ സയൻസ്, ബി.ടെക് ഇൻഫർമേഷൻ ടെക്നോളജി എന്നീ കോഴ്സുകളാണ് ഈ സ്ഥാപനത്തിൽ നടത്തിവരുന്നത്.

അദ്ധ്യാപകർ(കരാറടിസ്ഥാനത്തിൽ)	-	51
അനദ്ധ്യാപകർ(കരാറടിസ്ഥാനത്തിൽ)	-	17
സ്ഥിരം ജീവനക്കാർ	-	4
ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്നവർ	-	16

(ജി) യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സെന്ററുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

യൂണിവേഴ്സിറ്റി കോളേജ് ഓഫ്. എഞ്ചിനീയറിംഗിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

2010	-	5,81,58,900 രൂപ
2011	-	3,39,53,750 "
2012	-	3,64,10,100 "
2013	-	3,38,97,950 "

അദ്ധ്യാപകരുടെ കരാറടിസ്ഥാനത്തിൽ ശമ്പള പരിഷ്കരണം 1-4-2014-ൽ ആണ് നടപ്പിലാക്കിയത്.

എൽ.എൽ.ബി. ഈവനിംഗ് ക്ലാസ്സുകൾ

121(3039) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ ലോ കോളേജുകളിലാണ് എൽ.എൽ.ബി. ഈവനിംഗ് ക്ലാസ്സുകൾ അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly